പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2038 26.03.2013-ൽ മറുപടിയ്ക്ക്

വൈദ്യുതി വിതരണം കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ :<br>ശ്രീ. വി. ശശി :<br>ശ്രീ. ഇ. ചന്ദ്രശേഖരൻ :<br>ശ്രീ. ജി. എസ്. ജയലാൽ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) മഴക്കാലത്തിനു മുൻപുള്ള വൈദ്യുതി ലൈനുകളുടെ അറ്റകുറ്റപ്പണികൾ ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത അറ്റകുറ്റപ്പണികൾ വൈകുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ; | (എ) മഴക്കാലത്തിനു മുന്നോടിയായിട്ടുള്ള വൈദ്യുതി ലൈനുകളുടെ അറ്റകുറ്റപ്പണികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) മീറ്ററുകൾ, വയർ, കമ്പി, പോസ്റ്റ് എന്നിവയ്ക്ക് കടുത്ത ക്ഷാമം നേരിടുന്നുണ്ടോ ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് അറിയിക്കുമോ ; | (ബി) മീറ്ററുകൾ, വയർ, കമ്പി എന്നിവയ്ക്ക് ക്ഷാമമുണ്ട്. പോസ്റ്റിനു ക്ഷാമം ഇല്ല.<br><br>12 ലക്ഷം സിംഗിൾഫേസ് മീറ്ററുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ പുരോഗമിച്ചു വരുന്നു. ഇവ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ അടുത്ത മാസം ആദ്യം നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ത്രീഫേസ് മീറ്ററുകൾക്ക് പർച്ചേസ് ഓർഡർ നൽകി കഴിഞ്ഞു. 2500 ത്രീഫേസ് മീറ്ററുകൾ കണക്ഷൻ നൽകുന്നതിന് ഉടൻ ലഭ്യമാകുന്നതാണ്. കൂടാതെ 12500 ത്രീഫേസ് മീറ്ററുകൾ അടുത്ത മാസം ആദ്യം ലഭിക്കും.<br><br>കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിൽ നിന്നും ഈ മാസം 10,000 സിംഗിൾ ഫേസ് മീറ്റർ ലഭിക്കുകയുണ്ടായി. ഈ മാസം 20,000 സിംഗിൾ ഫേസ് മീറ്ററുകൾ കൂടി യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിൽ നിന്നും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>65,000 Coil വെതർ പ്രൂഫ് വയർ |

| | | | |
|---|---|---|---|
| | | | വാങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായി വരുന്നു. ഇതിനുള്ള ഓർഡറുകൾ അടുത്ത മാസം ആദ്യം നൽകാൻ കഴിയും.<br>1850 കി.മീ. എ.സി.എസ്.ആർ റാബ്ബിൾ, 13450 കി.മീ.റാബിറ്റ്, 12700 കി.മീ. വീസൽ, 1500 കി.മീ സ്ക്വിറൽ എന്നീ കണ്ടക്ടറുകൾ (കമ്പികൾ) വാങ്ങുന്നതിനുള്ള ഓർഡർ 18.03.2013 -ൽ കൊടുത്തിട്ടുണ്ട്. അതിൻ പ്രകാരമുള്ള വിതരണം ആരംഭിച്ചു തുടങ്ങി.<br>കൂടാതെ ആർ.ജി.ജി.വി.വൈ പദ്ധതി പ്രകാരം 781 കി.മീ റാബ്ബിൾ, 1083 കി.മീ റാബിറ്റ്, 836 കി.മീ.വീസൽ എന്നിവയ്ക്കും ഓർഡർ നൽകി കഴിഞ്ഞു. |
| (സി) | കേടായ മീറ്ററുകളുള്ള വൈദ്യുതി ഉപഭോക്താക്കളിൽ നിന്ന് വൈദ്യുതി ചാർജ്ജ് ഈടാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം വിശദമാക്കുമോ ? | (സി) | ടേംസ് & കണ്ടീഷൻസ് ഓഫ് സപ്ലൈ 2005 ലെ 33 (2) റെഗുലേഷൻ പ്രകാരം ഒരു ഉപഭോക്താവിന്റെ മീറ്റർ കേടാവുകയോ തെറ്റായി പ്രവർത്തിക്കുകയോ ചെയ്താൽ മീറ്റർ കേടായ മാസത്തിന് മുമ്പുള്ള 6 മാസത്തെ ശരാശരി ഉപഭോഗം അനുസരിച്ചാണ് ബില്ല് തയ്യാറാക്കുന്നത്. 6 മാസത്തെ ശരാശരി ഉപഭോഗം എടുക്കാൻ സാധിക്കാതിരുന്നാൽ മാത്രം പുതിയ മീറ്റർ സ്ഥാപിച്ചതിന് ശേഷമുള്ള 3 മാസത്തെ ഉപഭോഗം അനുസരിച്ച് ബില്ലുകൾ തയ്യാറാക്കി ഉപഭോക്താക്കളിൽ നിന്നും ഈടാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ.